## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2021 17/06/2014-ൽ മറുപടിക്ക്

# കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ്

| ചോദ്യം<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് വർദ്ധിപ്പിച്ചത് എന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ജലനിധി, ജലധാര, സ്വജലധാര മുതലായ പദ്ധതികളിലൂടെ ഗാർഹികാവശ്യങ്ങൾക്കായുള്ള ജലവിതരണം, എസ്.സി എസ്.ടി കോളനികൾക്കുള്ള ജലവിതരണം, എം.പി ഫണ്ട്, എം.എൽ.എ ഫണ്ട്, പി.പി എസ് മുതലായത് മുഖേന ഗാർഹികാവശ്യങ്ങൾക്കുള്ള ജലവിതരണം തുടങ്ങിയവയെല്ലാം ഗാർഹിക നിരക്കിലാണ് ബില്ല് ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തിനായുള്ള പമ്പുകൾ വ്യാവസായിക നിരക്കിലാണ് ബില്ല് ചെയ്യുന്നത്. സംസ്ഥാനത്ത് ഗാർഹിക വൈദ്യുതി നിരക്ക് 2012 ജൂലൈ ഒന്നു മുതലും 2013 മെയ് ഒന്നു മുതലും വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവ് ഗാർഹിക നിരക്കിൽ ബില്ല് ചെയ്യുന്ന എല്ലാ അനുബന്ധ ഉപഭോഗങ്ങൾക്കും ബാധമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് കുറച്ചുകൊടുത്തിരുന്നുവോ ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ ; | കുടിവെള്ള പദ്ധതികളെ ബോർഡ് വ്യാവസായിക വിഭാഗത്തിലുൾപ്പെടുത്തി എൽ.റ്റി.IV താരിഫാണ് ചുമത്തിയിരുന്നത്. കുടിവെള്ള പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കണമെന്ന് അനേകം അപേക്ഷകൾ ലഭിച്ചതിന്റെ |

അടിസ്ഥാനത്തിൽ 15.12.2004 ലെ ബി.ഒ (എഫ്.എം) നം.3194/2004 (റ്റി.സി.1/എൻ/3944/2001) എന്ന ബോർഡ് ഉത്തരവു പ്രകാരം ജലനിധി, ജലധാര, സ്വജലധാര എന്നീ കുടിവെള്ള പദ്ധതികളെ ഗാർഹിക താരിഫിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിരുന്നു.

പിന്നീട് ഇതിന്റെ ബില്ലിംഗ് സമ്പ്രദായം താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു ഗാർഹിക താരിഫിലെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കുകൾ ഈ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

ഉപഭോഗത്തെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിച്ച് ആളോഹരി ഉപഭോഗം കണ്ടെത്തുകയും ഈ ആളോഹരി ഉപഭോഗത്തിന് ഗാർഹിക താരിഫിലുള്ള നിരക്ക് കണക്കാക്കി അതിനെ ഗുണഭോക്താക്കളുടെ എണ്ണംകൊണ്ട് ഗുണിച്ച് കറന്റ് ചാർജ്ജ് കണക്കാക്കുകയും ചെയ്യും. ഇപ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിൽ ജലനിധി, ജലധാര, സ്വജലധാര എന്നീ പദ്ധതികൾക്കും ജലവിതരണ സൊസൈറ്റിയുടെ കീഴിൽ വരുന്ന മറ്റു പദ്ധതികൾക്കും ബില്ലിംഗ് നടത്തുവാൻ 30.05.2005 ലെ ബി.ഒ (എഫ്.എം) നം.994/05(കെ.എസ്.ഇ.ബി/ടാക്ക്/ എസ്ഇ.ആർ.സി/റ്റി.റ്റി.പി/1097/ ആർ / 04) എന്ന ബോർഡു ഉത്തരവു പ്രകാരം തീരുമാനിച്ചു.

പിന്നീട് എസ്.സി/എസ്.ടി, ലക്ഷം വീട് കോളനികളിൽ സ്ഥാപിച്ചിട്ടുള്ളതും ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതുമായ ഗാർഹിക ആവശ്യ ത്തിന് മാത്രം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെയും എം.പി.ഫണ്ട്/ എം.എൽ.എ ഫണ്ട്/പി.പി.എസ്/ത്രിതല പഞ്ചായ

ത്ത് ഫണ്ട്/രാജീവ് ഗാന്ധി കുടിവെള്ള പദ്ധതികൾ മുഖേന നടപ്പിലാക്കിയതും ഉപഭോക്താക്കൾ നടത്തുന്നതുമായ ഗാർഹിക ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികളെയും മുകളിൽ സൂചിപ്പിച്ച പ്രത്യേക ബില്ലിംഗ് സമ്പ്രദായ പ്രകാരം ഏറ്റവും കുറഞ്ഞ ഗാർഹിക താരിഫിൽ ഉൾപ്പെടുത്തുവാൻ ബോർഡ് തീരുമാനിക്കുകയും 01.04. 2007 മുതൽ ഇത് പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിച്ച് കൊണ്ട് 12.06.2007 ൽ(റ്റി.സി.1/എൻ/ 3944/2001) ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 26.11.2007-ൽ പുറപ്പെടുവിച്ച ഉത്തര വിൽ മുകളിൽ പ്രസ്താവിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഈ ഉത്തരവ് 27.11.2007-ൽ 2148 നമ്പറായി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അവികസിതമേഖലകളിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾക്കുള്ള ചാർജ്ജ് വർദ്ധനവ് ഗ്രാമീണമേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൂട്ടിയ തുക കുറച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

**(സി) യും (ഡി) യും**

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.

**സെക്ഷൻ ഓഫീസർ**